






# വിജയിക്കാം മൂല്യവർദ്ധിത ഉത്പന്നങ്ങളിലൂടെ



എസ്. ഹരികിഷോർ ഐ എ എസ്
എക്സിക്യൂട്ടീവ് ഡയറക്ടർ
കുടുംബശ്രീ

മൃഗസംരക്ഷണമേഖലയിൽ മൂല്യവർദ്ധിത ഉത്പന്നങ്ങളുണ്ടാക്കുന്നതിന്റെ തുടക്കമെന്ന നിലയിൽ മിൽക്കി ലാറ്റെ എന്ന ബ്രാൻഡിൽ പാൽ കുപ്പിയിലാക്കി വിപണിയിലെത്തിക്കുന്നതിനെക്കുറിച്ച് Making an Impact 123 ൽ വ്യക്തമാക്കിയിരുന്നല്ലോ. തൈര്, പേട, പനീർ, ചോക്ലേറ്റ്, ഐസ്ക്രീം, ഗുലാബ് ജാമുൻ തുടങ്ങി പാലിൽ നിന്നുള്ള മുപ്പതോളം മൂല്യവർദ്ധിത ഉത്പന്നങ്ങൾ ഉത്പാദിപ്പിക്കാൻ ക്ഷീരകർഷകർക്ക് പ്രേരണയും പരിശീലനവും സാങ്കേതിക സഹായവും നൽകി സംരംഭം തുടങ്ങാൻ പ്രേരിപ്പിക്കുന്ന പുതിയ പദ്ധതി 2019-20 സാമ്പത്തികവർഷം മുതൽ ഞങ്ങൾ ആവിഷ്ക്കരിച്ച് നടപ്പാക്കുന്നുണ്ട്.

ഈ പദ്ധതി പ്രകാരം വ്യക്തികൾക്കോ ഗ്രൂപ്പുകൾക്കോ ഇത്തരത്തിൽ മൂല്യവർദ്ധിത ഉത്പന്നങ്ങളുണ്ടാക്കുന്ന സംരംഭങ്ങൾ ആരംഭിക്കാൻ സാധിക്കും. അവർക്കാവശ്യമുള്ള പരിശീലനം ക്ഷീരവികസന വകുപ്പുമായി സംയോജിച്ച് കൊണ്ട് കുടുംബശ്രീ നൽകുന്നു. കൂടാതെ കുടുംബശ്രീയുടെ നിലവിലുള്ള സ്കീം പ്രകാരം ധനസഹായവും ലഭ്യമാക്കും. നിലവിൽ സംരംഭങ്ങൾ ആരംഭിക്കാൻ താ

ത്പര്യമുള്ളവർക്ക് 1,50,000 രൂപ വരെ 4 ശതമാനം പലിശയ്ക്ക് ഞങ്ങൾ വായ്പ ലഭ്യമാക്കുന്നു. 2 വർഷം കൊണ്ട് തുക തിരിച്ചടയ്ക്കണം. ഇത് കൂടാതെ ബാങ്കിൽ നിന്ന് വായ്പയെടുത്ത് സംരംഭങ്ങൾ ആരംഭിക്കുന്നവർക്ക് ആകെ പ്രോജക്ട് തുകയുടെ 35 ശതമാനം (പരമാവധി 50,000 രൂപ വരെ) സബ്സിഡിയായി നൽകുന്ന സ്കീമും കുടുംബശ്രീയ്ക്കുണ്ട്.

സന്തോഷത്തോടെ പറയട്ടെ, കഴിഞ്ഞ ആറ് മാസത്തിനുള്ളിൽ ഇത്തരത്തിൽ പേട, ഗുലാബ് ജാമുൻ, പനീർ, ചോക്ലേറ്റ്, ഐസ്ക്രീം തുടങ്ങിയ ഉത്പന്നങ്ങളുണ്ടാക്കുന്ന 26 മൂല്യവർദ്ധിത സംരംഭ യൂണിറ്റുകൾ ആരംഭിച്ചു കഴിഞ്ഞു. അവയുടെ ലിസ്റ്റ് താഴെ നൽകുന്നു.

**തിരുവനന്തപുരം**

1. ചെറുന്നിയൂർ മിൽക്കി ലാറ്റെ
2. കഠിനംകുളം മിൽക്കി ലാറ്റെ
3. മുദാക്കൽ മിൽക്കി ലാറ്റെ
4. ഉദിയൻകുളങ്ങര മിൽക്കി ലാറ്റെ
5. പുളിമാത്ത് മിൽക്ക ലാറ്റെ
6. ഒറ്റശേഖരമംഗലം മിൽക്കി ലാറ്റെ
7. കൊല്ലയിൽ മിൽക്കി ലാറ്റെ

**കോട്ടയം**

8. മേലുകാവ് മിൽക്കി ലാറ്റെ
9. കങ്ങഴ മിൽക്കി ലാറ്റെ
10. തിരുവാർപ്പ് മിൽക്കി ലാറ്റെ
11. വെളിയന്നൂർ മിൽക്കി ലാറ്റെ
12. അയർക്കുന്നം മിൽക്കി ലാറ്റെ
13. അയൽക്കുന്നം മിൽക്കി ലാറ്റെ

**തൃശ്ശൂർ**

14. അവിനശ്ശേരി മിൽക്കി ലാറ്റെ
15. അളഗപ്പനഗർ മിൽക്കി ലാറ്റെ
16. നാട്ടിക മിൽക്കി ലാറ്റെ
17. മുല്ലശ്ശേരി മിൽക്കി ലാറ്റെ

**ഇടുക്കി**

18. ഇടവെട്ടി മിൽക്കി ലാറ്റെ
19. ദേവികുളം മിൽക്കി ലാറ്റെ
20. വാത്തിക്കുടി മിൽക്കി ലാറ്റെ

**കൊല്ലം**

21. പത്തനാപുരം മിൽക്കി ലാറ്റെ
22. വിളക്കുടി മിൽക്കി ലാറ്റെ
23. ചവറ മിൽക്കി ലാറ്റെ
24. നീണ്ടകര മിൽക്കി ലാറ്റെ
25. തഴവ മിൽക്കി ലാറ്റെ

**എറണാകുളം**

26. നീലീശ്വരം മിൽക്കി ലാറ്റെ

ഇത് കൂടാതെ വയനാട് ജില്ലയിൽ 105 ഓളം ക്ഷീര കർഷകരുടെ നേതൃത്വത്തിൽ രൂപീകരിച്ച ബാണാ അഗ്രോ ആൻഡ് അലൈഡ് പ്രൊഡ്യൂസർ കമ്പനി ലിമിറ്റഡ് (ബാപ്കൊ) ഇത്തരത്തിലുള്ള മൂല്യവർദ്ധിത ഉത്പന്നങ്ങൾ മിൽക്കി ലാറ്റെ എന്ന ബ്രാൻഡിൽ വിപണനം ചെയ്ത് തുടങ്ങിക്കഴിഞ്ഞു. കേരളത്തിന്റെ നാടൻ രുചിയുള്ള മായം ചേർക്കാത്ത വ്യത്യസ്തമായ ക്ഷീരോത്പന്നങ്ങൾ വിപണിയിലിറക്കാനും കുടുംബശ്രീ സംരംഭകർക്ക് കൂടുതൽ വരുമാനം നേടിക്കൊടുക്കാനുമാണ് ഞങ്ങൾ ലക്ഷ്യമിട്ടിരിക്കുന്നത്.